പഞ്ചായത്തു പൊതുതിരഞ്ഞെടുപ്പിൽ കെട്ടിവച്ച തുക നഷ്ടപ്പെട്ട സ്ഥാനാർത്ഥികൾ.

*216. [28] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചായത്തു പൊതുതിരഞ്ഞെടുപ്പിനു മത്സരിച്ച സ്ഥാനാർത്ഥികളിൽ കെട്ടിവച്ച തുക നഷ്ടപ്പെട്ടവർ എത്ര ;

(ബി) ഈ തുക അതാതു പഞ്ചായത്തുകൾക്കു മടക്കി കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അങ്ങനെയുള്ള തുക മടക്കിക്കൊടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. ടി. വെളിച്ചുകുട്ടൻ) :

(എ) കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ കെട്ടിവച്ചിട്ടുള്ള തുക നഷ്ടപ്പെട്ടിട്ടുള്ളവർ 893.

(ബി) വ്യവസ്ഥയുണ്ട്.

(സി) മുഴുവനും മടക്കിക്കൊടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഇതുവരെ മുഴുവൻ സംഖ്യയും മടക്കി കൊടുക്കാത്തതിനു കാരണമെന്താണു് ?

ശ്രീ. ടി. വെളിച്ചുകുട്ടൻ : ട്രഷറികളിൽ ഡപ്പോസിറ്റായി ഒടുക്കിയിരിക്കുന്ന ഈ തുക ഏതേതു പഞ്ചായത്തുകളിൽ തിരിച്ചു കൊടുക്കണമെന്ന കാര്യത്തിലേയ്ക്കു് പഞ്ചായത്തു് ഡയറക്ടർ ആഫീസറന്മാർക്കു് നിർദ്ദേശം കൊടുത്തിരിക്കുകയാണു്. അതനുസരിച്ചു് വല്ലകാലതാമസം കൂടാതെ മുഴുവനും തിരിച്ചുകൊടുക്കുന്നതായിരിക്കും.

പേപ്പട്ടി വിഷചികിത്സ.

*217. [29] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഏതു ആശുപത്രികളിൽ പേപ്പട്ടി വിഷചികിത്സയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു് ;

(ബി) എല്ലാ ഡിസ്പെൻസറികളിലും ഈ ചികിത്സാസൌകര്യം ഏർപ്പെടുത്തുന്നതിനു് ഗവണ്മെൻറ് നടപടി എടുക്കുമോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും, പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ചാലക്കുടിയിലും, നെയ്യാറ്റിൻകരയിലുമുള്ള രണ്ടാശുപത്രികളിലും പേപ്പട്ടി വിഷചികിത്സയ്ക്കാവശ്യമുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(ബി) നടപടി കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീ. എൻ. ജെ. ചാക്കോ : പട്ടികൾക്കു് പേവിടിക്കാതിരിക്കാൻ എന്തെങ്കിലും മരുന്നു് കണ്ടുപിടിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : പ്രത്യേകം മരുന്ന് ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞച്ചൻ : സർ, മനുഷ്യർക്ക് പേ പിടിച്ചാൽ എന്താണ് ചെയ്യുന്നത് ?

ശ്രീ. എ. എ. റഹിം : ഉദുമ്പാറ എന്ന സ്ഥലത്ത് ഒരു ആശുപത്രി ഉണ്ട്. അവിടെ പോകാം.

പിന്നാക്കസമുദായക്കാർക്കുള്ള സൗജന്യങ്ങൾ.

* 218. [30] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

ക്രിസ്തുമതം സ്വീകരിച്ച പിന്നാക്കസമുദായക്കാർക്ക് ഹിന്ദുമതത്തിൽ തന്നെ നിൽക്കുന്ന പിന്നാക്കസമുദായക്കാർക്ക് ഇന്നു നൽകിവരുന്ന ആശ്രയം വിദ്യാഭ്യാസസഹായങ്ങളും നൽകാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ; വിവേചനം തുടരണമെന്ന് ഉദ്ദേശമുണ്ടോ ; ഈ വിവേചനം അവസാനിപ്പിക്കാൻ തയ്യാറാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഇക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പട്ടികജാതിക്കാർ ക്രിസ്ത്യാനികളായി കൺവെർട്ട് ചെയ്താൽ ആ വിവരം ഗവണ്മെന്റ് എങ്ങനെയാണ് അറിയുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പട്ടിക ജാതിക്കാർ കൺവെർട്ട് ചെയ്യുമ്പോൾ ഒരു സെൻസസ് കൂടാതെ ആ വിവരം ഗവണ്മെന്റിന് അറിവാൻ നിവൃത്തിയില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു : ക്രിസ്ത്യാനികളായി കൺവെർട്ടചെയ്ത പട്ടികജാതിക്കാരുടെ ഒരു സെൻസസ് എടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത് ആലോചനാവിഷയമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മുഖ്യമന്ത്രി ഡൽഹിയിൽ നിന്നും തിരിച്ചുവന്നാൽ ഉടനെ ഈ കാര്യം സംബന്ധിച്ചു ഒരു ഉത്തരവു പുറപ്പെടുവിക്കാമെന്ന് ഉറപ്പു പറഞ്ഞിട്ടുള്ളതായി ബഹു: മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പറഞ്ഞതായി അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ, അടുത്ത അവസരത്തിൽ ഇതേപ്പറ്റി തീരുമാനംചെയ്തുകൊണ്ടുള്ള ഒരാർഡർ പുറപ്പെടുവിക്കുമെന്നു വിശ്വസിക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ കാര്യത്തിൽ കഴിവുള്ളിടത്തോളം ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യുമെന്നു വിശ്വസിക്കാം.

LIBRARY ARCHIVES Kerala Legislative Assembly